Nidas

NISH Online Interactive Disability Awareness Seminar- 39

Frequently Asked Questions (FAQ)

**“മറവി രോഗം: ഒരു ആമുഖം”** **27 ഏപ്രിൽ 2019**

1. **എന്താണ് മറവി രോഗം?**

മറവിരോഗം പ്രധാനമായും പ്രായമായവരുടെ മസ്തിഷ്കത്തെയാണ് ബാധിക്കുന്നത്. ഓർമ്മകൾ നിരന്തരമായി നഷ്ടപ്പെടുകയും, ബുദ്ധിപരമായ മറ്റു മേഖലകളിൽ തകരാറുണ്ടാകുകയും അതു വഴി ദൈനംദിന കാര്യങ്ങളെ ബാധിക്കുകയും ചെയ്യുന്നതാണ് ഈ രോഗം.

2. **ഇത് എല്ലാ പ്രായക്കാരെയും ബാധിക്കുമോ?**

മറവിരോഗം സാധാരണയായി മുതിർന്നവരിലാണ് കാണപ്പെടുന്നത്.

3. **മറവി രോഗത്തിന്റെ കാരണങ്ങളെന്തെല്ലാമാണ്?**

പല കാരണങ്ങൾ കൊണ്ട് മറവിരോഗം ഉണ്ടാകാറുണ്ട്. അവയിൽ ചിലത് ചികിത്സിക്കാവുന്നതും എന്നാൽ മറ്റു ചിലത് ചികിത്സിക്കാൻ കഴിയാത്തതുമാണ്.

4. **മറവി രോഗം ഒരു ജനിതക രോഗമാണോ?**

ജനിതക രോഗമായും മറവി രോഗത്തെ കാണാമെങ്കിലും ഇപ്പോൾ കാണപ്പെടുന്ന കൂടുതൽ അവസ്ഥകളും ജനിതകമോ പാരമ്പര്യമോ അല്ല.

5. **എന്തെങ്കിലും മുൻകരുതലിലൂടെ മറവി രോഗം വരാനുള്ള സാധ്യത തടയാമോ?**

ആരോഗ്യപരമായ ജീവിത രീതി മറവി രോഗത്തിനുള്ള സാധ്യത കുറയ്ക്കുന്നു. ശാരീരികമായും ബുദ്ധിപരമായും സജീവമായിരിക്കുന്നത് ഉപകാരപ്രദമാണ്.

6. **മറവിരോഗം വാർദ്ധക്യത്തിന്റെ ഭാഗമാണോ?**

മറവിരോഗം ഒരിക്കലും വാർദ്ധക്യത്തിന്റെ ഭാഗമല്ല. എന്നാൽ ഇത് പ്രായമായവർക്കുണ്ടാകുന്ന രോഗമാണ്.

7. **അൽഷീമർസ് രോഗവും മറവി രോഗവും ഒന്നാണോ? അതോ പരസ്പരം ബന്ധമുണ്ടോ?**

ഒരു കൂട്ടം രോഗങ്ങളുടെ കൂട്ടായ്മയാണ് മറവിരോഗം. ഇവയിൽ ഒരു രോഗമാണ് അൽഷീമർസ്.

8. **ആർക്കൊക്കെയാണ് മറവി രോഗം വരാൻ സാധ്യത?**

വാർദ്ധക്യത്തിലെത്തിയവർക്കാണ് മറവി രോഗത്തിനു കൂടുതൽ സാധ്യത. പ്രായം അധികമാകും തോറും സാധ്യതയും വർദ്ധിക്കുന്നു.

9. **ഇതു പൂർണ്ണമായും ഭേദമാക്കാൻ സാധിക്കുമോ?**

ഭൂരിഭാഗം മറവിരോഗങ്ങളും ഭേദപ്പെടുത്താൻ സാധിക്കില്ല.

10. **മറവിരോഗം എങ്ങനെയൊക്കെ ചികിത്സിക്കാം?**

മരുന്നുകളിലൂടെയും പരിചരണവുമാണ് പ്രധാനമായുള്ള ചികിത്സകൾ. എന്നാൽ അപൂർവ്വമായ അവസരങ്ങളിൽ ശസ്ത്രക്രിയയും ഒരു ചികിത്സാവിധിയാണ്.

11. **മറവിരോഗത്തിന്റെ ചികിത്സയിൽ ഉൾപ്പെടുന്ന വിദഗ്ദ്ധർ ആരൊക്കെയാണ്?**

ന്യൂറോളജിസ്റ്റ്, സൈക്ക്യാട്രിസ്റ്റ്, ജെറിയാട്രീഷ്യൻ അഥവാ വാർദ്ധക്യകാല രോഗ വിദഗ്ദ്ധൻ, ഫിസിയാട്രിസ്റ്റ്, സൈക്കോളജിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്

**കൂടുതൽ വിവരങ്ങൾക്ക്**


**ഡോ. റോബർട്ട് മാത്യു** 04712559112

മുൻ പ്രൊഫസ്സർ & ഹെഡ് ഓഫ് ഡിപ്പാർട്ട്മെൻറ്
ഡിപ്പാർട്ട്മെൻറ് ഓഫ് ന്യൂറോളജി
ഗവൺമെൻറ് മെഡിക്കൽ കോളേജ്
ആലപ്പുഴ

**മിസ്. രജിത എൽ** 04712944638

സോഷ്യൽ വർക്കർ

നിഷ്

**നിഡാസ് ടീം** 04712944675

നിഷ്